## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ * 536

19/05/2017-ൽ മറുപടിയ്ക്ക്.

## ക്ഷീരോൽപാദന രംഗത്തുണ്ടായ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.വി വിജയദാസ്<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ. ഐ.ബി .സതീഷ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ക്ഷീരോല്പാദന രംഗത്തുണ്ടായ നേട്ടങ്ങൾ അറിയിക്കാമോ;ക്ഷീര സംഘങ്ങൾ വഴിയുള്ള പാൽ സംഭരണത്തിന് എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട്;ഈ രംഗത്ത് രണ്ട് വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത നേട്ടമെന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കാനായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ജനുവരി മുതൽ കടുത്ത വേനൽമൂലം ശുദ്ധജലത്തിന്റെയും കാലിത്തീറ്റ വിളകളുടെയും ദൗർലഭ്യം നേരിട്ടപ്പോഴും പാലുല്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല. ക്ഷീരകർഷക കടാശ്വാസ പദ്ധതിയും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയും നടപ്പിലാക്കിയതിന്റെ ഭാഗമായി ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ആത്മവിശ്വാസം കർഷകരിൽ ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>2017 ഏപ്രിൽമാസത്തിൽ മുൻവർഷത്തെ ഇതേകാലയളവിനെക്കാൾ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽസംഭരണത്തിൽ 5.6 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017 മെയ് മാസത്തിൽ ഇതുവരെ 14% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

പാലിന്റെ വിൽപന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ 3.35/-രൂപയും കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുകയുണ്ടായി.

പ്രവർത്തന രഹിതമായ ക്ഷീരസംഘങ്ങൾ പുന:പ്രവർത്തിപ്പിച്ചും ക്ഷീരസംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിച്ചും കർഷകർക്ക് പാലിന്റെ വിപണനത്തിന് ആവശ്യമായ സാഹചര്യം ഒരുക്കി.

ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുകയും ഓട്ടോമേഷൻ നടത്തുകയും ചെയ്തതിന്റെ ഭാഗമായി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി.

ക്ഷീരോല്പാദന രംഗത്ത് കൂടുതൽ സാദ്ധ്യതയുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് സമഗ്ര ക്ഷീരവികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക 2017 ജനുവരി മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും വർദ്ധിപ്പിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | തീറ്റപ്പുൽകൃഷി വ്യാവസായികാടിസ്ഥാനത്തിൽ വ്യാപകമാക്കാൻ പദ്ധതിയുണ്ടോ;എങ്കിൽ അതിനായുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | പദ്ധതിയുണ്ട്.<br>2017-2018 വർഷം തീറ്റപ്പുൽകൃഷി വികസന പദ്ധതിയ്ക്കായി 600/-ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് സാന്ദ്രീകൃത കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് |

ആവശ്യമായ തീറ്റപ്പുൽകടകൾ സൗജന്യമായി നൽകുകയും 20 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് കൃഷിചെലവ് ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽകടകളുടെ വില ഉൾപ്പെടെ 20,000/- രൂപ ധനസഹായമായി നൽകി വരുന്നു. കൂടാതെ വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന ക്ഷീരസംഘവുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷിയും നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള സഹായം, യന്ത്രവത്കരണത്തിനുള്ള സഹായം, അസോള. ചോളം. വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സഹായം എന്നിവയും നൽകി വരുന്നു.

2017-18 വർഷത്തിൽ തരിശുഭൂമിയിൽ വാണിജ്യാടിസ്ഥാന ത്തിൽ 94 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനായി 87.488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്ത് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾവശം, തരിശായികിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസംഘങ്ങളുടെയും ത്രിതല പഞ്ചായത്തുകളുടെയും സഹകരണത്തോടെ പുൽകൃഷി നടത്തുന്നതിന് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

തീറ്റപ്പുൽകൃഷി വ്യാപകമാക്കുവാൻ മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | ക്ഷീരോൽപാദന വർദ്ധനവിനായി കെ.എൽ.ഡി ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ? | (സി) | സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി മേൽത്തരം വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജധാനകേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി (കേരള ലൈവ് സ്റ്റോക്ക് |

ഡെവലപ്മെന്റ് ബോർഡ്) ബോർഡ് എത്തിക്കുന്നു.
2015-2016 ആയപ്പോഴേയ്ക്കും സംസ്ഥാനത്തിനകത്തെ സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം 10.18 ലിറ്ററായിക്കഴിഞ്ഞു. ഇത് തുടർന്നും വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ കൂടി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നടപ്പിലാക്കുന്നു.

(1) വിത്തുകാളകളുടെ ജനിതകമേന്മ തെളിയിക്കുന്നതിനായുള്ള "സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട് , കണ്ണൂർ വയനാട് എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.

(2) കന്നുകലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജവും സംസ്ഥാനത്തിനകത്ത് വിതരണം നടത്തി വരുന്നു. ഇത്തരത്തിൽ അഹമ്മദാബാദിലെ സബർമതി ആശ്രമം ഗോശാല (SAG, Bidaj) ആന്ധ്രാപ്രദേശ് ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ഏജൻസി, തമിഴ്നാട് ഡയറി ഫെഡറേഷൻ, കർണ്ണാടക മിൽക്ക് ഫെഡറേഷൻ എന്നിവിടങ്ങളിൽ നിന്നുമാണ് വിത്തുകാളകളെ വാങ്ങിയിട്ടുള്ളത്.

(3) ഉയർന്ന ജനിതക മേന്മയുള്ള ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ( 5 എണ്ണം) ജർമ്മനിയിൽ നിന്നും ജഴ്സി കാളകളെ ( 4 എണ്ണം) ഡെൻമാർക്കിൽ നിന്നും ഇറക്കുമതി ചെയ്തു കഴിഞ്ഞു. ഈ വിത്തുകാളകളിൽ നിന്നും ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച് അധികം വൈകാതെ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നതാണ്.

(4) കാനഡയിൽ നിന്നും ഉയർന്ന ജനിതകമേന്മയുള്ള 40,000 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഈ ബീജ മാത്രകൾ സംസ്ഥാനത്തിനകത്ത് ഉടൻ വിതരണം ആരംഭിക്കുന്നതാണ്.

(5) പശുക്കളുടെ എണ്ണം സംസ്ഥാനത്തിനകത്ത് വർദ്ധിപ്പിക്കുവാൻ ലിംഗ നിർണ്ണയം നടത്തിയ 16,000 ഡോസ് ബീജമാത്രകൾ കാനഡയിൽ നിന്നും ഇറക്കുമതി ചെയ്തു കഴിഞ്ഞു. ഇവ ഉടൻ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ